**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3449** **12.05.2017-ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ എസ്. റ്റി. വിഭാഗക്കാർക്കുള്ള വിദ്യാഭ്യാസ സ്ഥാപനം**

**ചോദ്യം**
**ശ്രീ.കെ.കുഞ്ഞിരാമൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിൽ എസ്. റ്റി. വിഭാഗക്കാർക്കായി അനുവദിച്ചതും എന്നാൽ ഇതുവരെ തുടങ്ങാൻ സാധിക്കാത്തതുമായ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | എ) | ഉണ്ട്. പ്രാക്തന കൊറഗ വിഭാഗങ്ങൾക്കായി അനുവദിച്ച ആശ്രമം സ്കൂൾ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2011-ൽ അനുവദിച്ച ഈ സ്കൂൾ, കെട്ടിടം ലഭ്യമല്ലാത്തതിനാലാണ് ആരംഭിക്കുവാൻ കഴിയാതിരുന്നത്. |
| ബി) | പ്രസ്തുത സ്ഥാപനം അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) | മേൽ പറഞ്ഞ ആശ്രമം മോഡൽ റസിഡൻഷ്യൽ സ്കൂൾ, ബേഡഡുക്ക വില്ലേജിലുള്ള വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 10 ഏക്കർ സ്ഥലത്ത് സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ച് വരുന്നു.<br>2017-18 അദ്ധ്യയന വർഷം അനുയോജ്യമായ വാടക കെട്ടിടം കണ്ടെത്തി ടി സ്ഥാപനം ആരംഭിക്കുന്നതിന് കാസറഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

(signature)
സെക്ഷൻ ഓഫീസർ